**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 387** **29.06.2015-ൽ മറുപടിയ്ക്ക്**

# വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണെന്നും എത്ര സമയത്തേക്കാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ; | (എ) | നിലവിൽ സംസ്ഥാനത്ത് പവർകട്ടോ ലോഡ്ഷെഡ്ഡിങ്ങോ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തിയായിട്ടുണ്ടോ ; | (ബി) | 2014-15 ജലവർഷത്തിൽ ചെയ്യേണ്ടിയിരുന്ന വാർഷിക അറ്റകുറ്റപ്പണികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | അറ്റകുറ്റപ്പണി ചെയ്യുന്നത് ഏതെല്ലാം കമ്പനികളാണെന്നും കരാറിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ? | (സി) | വൈദ്യുതി നിലയങ്ങളുടെ അറ്റകുറ്റപ്പണികൾ (Annual Maintenance, Monthly Maintenance) സാധാരണ നിലയിൽ ബോർഡ് ജീവനക്കാർ തന്നെ ചെയ്യുന്നു. ബോർഡ് ജീവനക്കാർക്ക് മാത്രമായി ചെയ്യുവാൻ സാധ്യമല്ലാത്ത ജോലികൾ ടെൻഡർ/ക്വട്ടേഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നു. ഇതിനായി സ്ഥിരം കോൺട്രാക്റ്റിംഗ് കമ്പനിയെ ഏർപ്പെടുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**